ലോക മലയാള സമ്മേളനത്തിന് നൽകിയ ഗ്രാൻറ്

*305 [322] ശ്രീ. പി. ജെ. തോമസ്:

ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക മലയാള സമ്മേളനത്തിന് സംസ്ഥാന ഗവൺമെൻറ് ഗ്രാൻറ് നൽകുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സംഖ്യയാണ് നൽകിയത്;

(സി) ഈ സംഖ്യ മുഴുവൻ ലോക മലയാള സമ്മേളനത്തിന് ചെലവഴിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ബാക്കി സംഖ്യ തിരിച്ചു വാങ്ങാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) ഉണ്ട്.

(ബി) അഞ്ചുലക്ഷം രൂപ

(സി) ഇല്ല.

(ഡി) പ്രസ്തുത തുക ഗവൺമെൻറിൽ നിന്നും യൂണിവേഴ്സിറ്റിക്കു നൽകുവാനുള്ള ഗ്രാൻറിൽ വക വെയ്ക്കുന്നതിന് ഉത്തരവു നൽകിയിട്ടുണ്ട്.

പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിലെ ക്രമക്കേടുകൾ പരിഹരിക്കാൻ നടപടി

*306 [323] ശ്രീ. കെ. അനിരുദ്ധൻ:

ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. നടത്തുന്ന പരീക്ഷകളിലെ ക്രമക്കേടുകളെ കുറിച്ച് എന്തെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ എന്തു നടപടി?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി and സി) പബ്ലിക് സർവ്വീസ് കമ്മീഷൻ, സെക്രട്ടേറിയറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് തുടങ്ങിയ വകുപ്പുകളിലേയ്ക്ക് രണ്ടാം ഗ്രേഡ് അസിസ്റ്റൻറുമാരെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി 20.5.1978-ൽ നടത്തിയ എഴുത്തു പരീക്ഷയെ സംബന്ധിച്ച ചില ആക്ഷേപങ്ങളിൽ പ്രഥമ ദൃഷ്ട്യാ കുറ്റക്കാരാണെന്നുകണ്ട ഉദ്യോഗസ്ഥൻമാരെ സസ്പെൻറു ചെയ്തുകൊണ്ട് അന്വേഷണം നടത്തുകയാണ്. ഇതു സംബന്ധിച്ച് പോലീസ് കേസ് എടുത്തിട്ടുണ്ട്. കുറ്റക്കാരായ ഉദ്യോഗസ്ഥൻമാർക്കെതിരെ ഡിപ്പാർട്ടുമെൻറലായും ശിക്ഷണനടപടികളും എടുക്കുന്നുണ്ട്. കമ്മീഷനിലെ വിജിലൻസ് ആൻറ് സെക്യൂരിറ്റി ആഫീസറെ സഹായിക്കുന്നതിന് ഒരു ഡി. വൈ. എസ്. പി., ഒരു സബ് ഇൻസ്പെക്ടർ, മൂന്ന് കോൺസ്റ്റബിൾമാർ, ഒരു കോൺസ്റ്റബിൾ ഡ്രൈവർ എന്നിവരടങ്ങുന്ന ഒരു വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ കമ്മീഷനിലെ പരീക്ഷാവിഭാഗം കുറ്റമറ്റതും കൂടുതൽ ബന്തവസ് ഉള്ളതുമാക്കാനും വേണ്ട ക്രമീകരണങ്ങളും കമ്മീഷൻ ചെയ്തിട്ടുണ്ട്.

കശുമാങ്ങയിലുള്ള പോഷകപദാർത്ഥങ്ങളുടെ അളവുകൾ

*307 [324] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുമാങ്ങയിലുള്ള വിറ്റാമിനുകളുടേയും പോഷക പദാർത്ഥങ്ങളുടേയും അളവുകൾ എത്രയാണ് എന്ന് കേരളത്തിലെ ഏതെങ്കിലും ലാബോറട്ടറിയിൽ അപഗ്രഥനം ചെയ്ത് അറിയാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ വിവരിക്കുന്ന സ്റ്റേറ്റ്മെൻറ് മേശപ്പുറത്ത് വയ്ക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ.ടി.എസ്. ജോൺ): (എ) ഗവൺമെൻറ് അനലിസ്റ്റു ലാബോറട്ടറിയിൽ പരിശോധനകളൊന്നും നടത്തിയിട്ടില്ല. കേരളത്തിലെ മറേതെങ്കിലും ലാബോറട്ടറികളിൽ അപഗ്രഥനം നടത്തിയിട്ടുള്ളതായി അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സൈലൻറ് വാലി പദ്ധതിയുടെ പ്രവർത്തനം

*308 [325] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലൻറ് വാലി പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(ബി) പണികൾ നിർത്തി വെക്കാൻ ഗവൺമെൻറ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly